<u>പതിമൂന്നാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T.* 669</u>  <u>01.11.2011-ൽ മറുപടിക്ക്</u>

<u>റോഡ് സുരക്ഷാവാരം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.എ. മാധവൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി. പി.സജീന്ദ്രൻ<br>ശ്രീ.ഹൈബി ഈഡൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | ഗതാഗതക്കുരുക്കുള്ള റോഡുകളിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | ഗതാഗത ചട്ടലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പിന് വേണ്ടി കെൽട്രോൺ മുഖേന 6.1 കോടി രൂപയും , മോട്ടോർ വാഹന വകുപ്പിന് 1.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഫുട്പാത്തുകളിൽ അനധികൃതമായുള്ള കൈയേറ്റങ്ങൾ നീക്കി കാൽനടക്കാർ റോഡിൽ കൂടി നടക്കുന്നതൊഴിവാക്കാൻ എല്ലാ ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിലുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ബോധവൽക്കരണം നടത്തുന്നതിന് മോട്ടോർ വാഹന വകുപ്പിന് 15,64,99,152/- കോടി രൂപയും നാറ്റ്പാക്കിന് 57,82,000/- രൂപയും നല്കിയിട്ടുണ്ട്. ഗതാഗത നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം വരുത്തുന്നതിന് എല്ലാത്തരം മാധ്യമങ്ങളിലൂടെയും പരസ്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ ലീഫ്ലെറ്റുകൾ, പോസ്റ്ററുകൾ, ബുക്ക് ലെറ്റുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്തു വരുന്നു. കേരളത്തിലെ |

| | | | |
|---|---|---|---|
| | | | നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനക്കുരുക്ക് തടയുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ നഗരങ്ങളിലെ സ്കൂളുകളുടെ പ്രവർത്തന സമയം വ്യത്യസ്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശ സർക്കാരിന് റോഡ് സുരക്ഷാ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തണമെന്ന നിർദ്ദേശവും നിലവിലുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് 6.1 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. ഗതാഗതക്കുരുക്കുള്ള റോഡുകളിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം. കൊച്ചി. കോഴിക്കോട്, നഗരങ്ങളിൽ ക്യാമറകൾ ഉപയോഗിച്ച് ഗതാഗത നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കി വരുന്നു. ഇതു കൂടാതെ ചേർത്തല- മണ്ണുത്തി നാലു ലയിനിൽ ക്യാമറ ഉപയോഗിച്ചുള്ള സംവിധാനം ഏർപ്പെടുത്തി വരുന്നു. ഇതു വഴി അമിത വേഗതയും മറ്റ് നിയമലംഘനങ്ങളും പിടിക്കുടാനാകും. മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെൻറ് ഓട്ടോമേഷൻ പദ്ധതി പ്രകാരം തിരുവനന്തപുരത്ത് കവടിയാറും, ഓവർ ബ്രിഡ്ജ്, ടെക്നോ പാർക്ക് എന്നീ ജംഗ്ഷനുകളിൽ ക്യാമറകൾ സ്ഥാപിക്കുവാനും ആയത് വഴി ലഭിക്കുന്ന വീഡിയോ ചിത്രങ്ങളിൽ നിന്നും കുറ്റകൃത്യം ചെയ്യുന്നവരെ കണ്ടുപിടിക്കുകയും ശിക്ഷാ നടപടികളെടുത്തു വരികയും ചെയ്യുന്നു. ഇന്റർസെപ്റ്റർ, കൈ റഡാറുകൾ എന്നിവ ഉപയോഗിച്ചും പരിശോധന നടത്തി |

| | | | |
|---|---|---|---|
| | | | കുറ്റക്കാർക്കെതിരെ നിയമനടപടി കളെടുക്കുന്നുണ്ട്. കൂടാതെ മാധ്യമങ്ങൾ വഴിയും ലഘു ലേഖകൾ, ബുക്ക് ലെറ്റുകൾ മുഖേനയുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ബി) | റോഡുകളിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് പൊതുജന ങ്ങളെയും വാഹനങ്ങൾ ഓടിക്കുന്നവരെയും ബോധവൽ ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്; | (ബി) | അപകടങ്ങളെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ അന്വേഷണവും, ഗവേഷണവും റോഡിന്റെയും ഗതാഗത നിയന്ത്രണസംവിധാനങ്ങളുടെ രൂപകല്പനയുടെ ആധുനികവൽക്കരണം, സ്കൂൾ തലത്തിലുള്ള റോഡ് സുരക്ഷാ വിദ്യാഭ്യാസം, ഡ്രൈവർമാരുടെ പരിശീലനം, ഗതാഗത നിയമങ്ങളുടെ പാലനം ഉറപ്പുവരുത്തൽ, ട്രോമാകെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, പൊതുജനങ്ങൾക്കുള്ള റോഡ് സുരക്ഷാ ബോധവൽക്കരണം നല്കൽ തുടങ്ങിയ പദ്ധതികളിലൂടെ മാത്രമേ അപകടങ്ങൾ ഗണ്യമായ തോതിൽ കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ. അത്തരത്തിൽ കേരളാ റോഡ് സേഫ്റ്റി അതോറിറ്റി സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>**<u>റോഡ് സുരക്ഷാ ബോധവൽക്കരണം</u>**<br>റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ടെലിവിഷൻ വഴി ഫിലിമുകൾ സംപ്രേക്ഷണം ചെയ്യുകയും എഫ്.എം. റേഡിയോ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്തു വരുന്നു. ദൃശ്യ - ശ്രാവ്യ അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെ പറ്റി പൊതു ജനങ്ങളെ ബോധവൽക്കരിച്ച് അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്ക്കാരം രൂപപ്പെടുത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡുസുരക്ഷാ പരിശീലനം നല്കുന്നതിനായി 12 ലക്ഷം രൂപ റോഡ് സുരക്ഷാ അതോറിറ്റി നല്കിയിട്ടുണ്ട്.<br>റോഡ് സുരക്ഷാ വാരം 2011 നോട അനുബന്ധിച്ച് കേരളത്തിലെ എല്ലാ ഇലക്ട്രോണിക്സ് - അച്ചടി മാധ്യമങ്ങൾ വഴി റോഡ് സുരക്ഷ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിച്ചു. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സിനിമാ തീയറ്ററുകളിലൂടെ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്.<br>രാത്രികാലത്ത് എയർപോർട്ടുകളിലേക്കുള്ള യാത്രക്കിടയിലുള്ള അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും, യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ "Safe night driving" എന്ന ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്നു അന്താരാഷ്ടാ വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു വരുന്നു.<br>വാഹന ഡ്രൈവർമാരെയും യാത്രക്കാരേയും ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 'റോഡ് റെഗുലേഷൻസ്' എന്ന ലഘുരേഖ |

| | | | |
|---|---|---|---|
| | | | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.<br>നാറ്റ്പാക്ക് തയ്യാറാക്കിയ <u>സ്കൂളിലേയ്ക്കുള്ള</u> സുരക്ഷിത പാത (Safe Road to School) എന്ന പുസ്തകത്തിന്റെയും അധ്യാപക പഠന സഹായി (Teachers Manual) എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ ആർ.ടി.ഒ മാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു.<br>സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>കേരള റോഡ് സുരക്ഷാ അതോറിറ്റിയും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കും, അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ടിപ്പർ ലോറി ഡ്രൈവർമാർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു.<br>പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള |

| | | | |
|---|---|---|---|
| | | | (സംയുക്തമായി നടപ്പാക്കി വരുന്നു. |
| (സി) | ഇതിന് സെമിനാറുകളും വർക്കുഷോപ്പുകളും സംഘടിപ്പിക്കുമോ; | (സി) | സെമിനാറുകളും വർക്കുഷോപ്പുകളും സംഘടിപ്പിക്കുന്നതിനും, ദശവത്സര റോഡ് സുരക്ഷാ പദ്ധതിയുടെ ഭാഗമായും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന് 15,64,99152/- (പതിനഞ്ച് കോടി അറുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി ഒരുന്നൂറ്റി അൻപത്തിരണ്ടു രൂപ മാത്രം) രൂപയും , നാറ്റ്പാകിന് 57,820,00/- (അൻപത്തി ഏഴ് ലക്ഷത്തി എൺപത്തി രണ്ടായിരം മാത്രം) രൂപയും കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകിയിട്ടുണ്ട്. |
| (ഡി) | റോഡ് സുരക്ഷാ വാരം വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വ്യാപകമായി തന്നെ നടത്തപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ